

വര: സോമൻ കടലൂർ

**ചെയ്യുവാൻ കഴിയുന്ന പലതും ചെയ്യാതിരിക്കുകയും പാടില്ലാത്ത പലതും ചെയ്യുകയും ചെയ്യുന്ന സംവിധാനമായി ഭരണ കൂടങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. വേണ്ടതും വേണ്ടാത്തതും വേർതിരിച്ചറിയാൻ കഴിയാത്ത തരത്തിൽ പൗരസമൂഹം നിഷ്ക്രിയമായിരി ക്കുന്നു. ഈ സാഹചര്യത്തിൽ ജനാധിപത്യം തിരയേണ്ട സാധ്യകൾ എന്തെല്ലാമാണെന്ന് എസ്.പി. രവി വിലയിരുത്തുന്നു.**

# പ്രതിസ്ഥാനത്ത് നിൽക്കുന്ന
# പൗരസമൂഹത്തോട്

ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നവർ ഭരിക്കുന്ന നമ്മുടെ ജനാധിപത്യ ഭരണസംവിധാനത്തിൽ വോട്ടു ചെയ്യുന്നതിലൊതുങ്ങുന്ന പങ്കാളിത്തം മാത്രമേ ഭരണഘടനാ ശിൽപികൾ പൊതുസമൂഹത്തിനു നൽകിയിരുന്നുള്ളൂ. ജനപ്രതിനിധികൾ ജനങ്ങളുടെ ശബ്ദമാകുമെന്നായിരുന്നു സങ്കല്പം. പക്ഷേ സങ്കല്പവും യാഥാർത്ഥ്യവും പലപ്പോഴും പൊരുത്തപ്പെട്ടില്ലെന്നത് നമ്മുടെ അനുഭവം. കാലം കടന്നുപോകുംതോറും ഈ പൊരുത്തക്കേട് വർദ്ധിക്കുകയാണ്. ഭരണകൂടങ്ങൾ പൊതുസമൂഹത്തിനുവേണ്ടി ഒന്നും ചെയ്തില്ലെന്നോ സ്വാതന്ത്ര്യപൂർവ്വ അവസ്ഥയിൽ നിന്ന് നാട് ഒട്ടും പുരോഗമിച്ചിട്ടില്ലെന്നോ ഇവിടെ വിവക്ഷയില്ല. പക്ഷേ ചെയ്യേണ്ടിയിരുന്നതും ചെയ്യുവാൻ കഴിയുമായിരുന്നതുമായ പലതും ചെയ്തില്ലെന്നു മാത്രമല്ല ചെയ്യാൻ പാടില്ലാതിരുന്ന ധാരാളം കാര്യങ്ങൾ ചെയ്തു എന്നതും നമ്മുടെ ഭരണകൂടങ്ങളുടെ പോരായ്മ തന്നെയാണ്. ജീവിതനിലവാരത്തിൽ ഒട്ടൊക്കെ ഉയർച്ചയുണ്ടായെങ്കിലും മൂല്യങ്ങൾക്ക് വന്ന ശോഷണവും സാമൂഹിക സാഹചര്യങ്ങളിൽ വന്ന മാറ്റങ്ങളും മറ്റും വ്യക്തിയുടേയും സമൂഹത്തിന്റേയും പരിസരങ്ങളുടേയും ശാരീരികവും മാനസികവുമായുള്ള ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും കോട്ടം വരുത്തുകയാണ് ചെയ്തി

ട്ടുള്ളത്. ഭരണഘടനനിലവിൽ വന്ന് നാലു പതിറ്റാണ്ടിലധികം കഴിഞ്ഞ ശേഷം പ്രാബല്യത്തിൽ വ്ന 73 -ാം ഭരണഘടനാ ഭേദഗതിയെ തുടർന്ന് ത്രിതല പഞ്ചായത്തുകളിൽ കുറേയൊക്കെ പങ്കാളിത്തം ഗ്രാമസഭകൾക്ക് ലഭ്യമായെങ്കിലും പ്രവൃത്തി പഥത്തിൽ ഈ പങ്കാളിത്തം വളരെ കുറഞ്ഞ അളവിൽ മാത്രമേ കാണുന്നുള്ളൂ. പ്രാദേശിക ഭരണകൂടങ്ങൾക്കും കേന്ദ്ര, സംസ്ഥാന ഭരണകൂടങ്ങൾക്കും ഉദ്യോഗസ്ഥവൃന്ദങ്ങൾക്കും എല്ലാം പഞ്ചായത്തിരാജ് നിയമം ഫലപ്രദമായി നടപ്പാകാത്തതിൽ പങ്കുണ്ട്. എന്നാൽ ഇവരോടൊപ്പം തന്നെ, തങ്ങളുടെ അവകാശങ്ങളും ചുമതലകളും മറക്കുന്ന പൗരസമൂഹവും ഇക്കാര്യത്തിൽ പ്രതിസ്ഥാനത്ത് തന്നെയാണ്.

**ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾ**

- നമ്മുടെ ജനാധിപത്യ സംവിധാനത്തിലെ പ്രധാന പോരായ്മകൾ എന്തെല്ലാമാണ്? ഈ സംവിധാനത്തെ മെച്ചപ്പെടുത്താൻ എന്തെല്ലാം ചെയ്യാൻ കഴിയും.
- നാടിന്റെ നിലനിൽപ്പ് / പുരോഗതി ഓരോ മേഖലയിലും പൊതുവിലും എങ്ങനെ വേണം? അതിനനുസൃതമായ നയങ്ങൽ/നിയമങ്ങൾ/പ്രവർത്തന മാനദണ്ഡങ്ങൾ എന്തെല്ലാമായിരിക്കണം. ജനാധിപത്യം ശക്തിപ്പെടുത്താനായി നിലവിലുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും നിലവില സംവിധാനങ്ങൾ കൊണ്ട് കഴിയാത്ത കാര്യങ്ങൾക്ക് നിയമങ്ങളോ ഭരണഘടനാ ഭേദഗതികൾ തന്നെ ആവശ്യപ്പെടുകയും ചെയ്യേണ്ടതുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് ഗ്രാമസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഭരണത്തിലെ സുതാര്യത ഉറപ്പുവരുത്തുകയും ചെയ്യാനുള്ള സാധ്യതകൾ നിലവിലുള്ള നിയമവ്യവസ്ഥകൾക്കകത്തുനിന്നുകൊണ്ടുതന്നെ വലിയൊരളവുവരെ കഴിയേണ്ടതാണ്. ഗ്രാമസഭകളിലെ പങ്കാളിത്തം മാത്രമല്ല അവിടുത്തെ ചർച്ചകളിലെ നിലവാരവും ഏറെ ഉയരേണ്ടതുണ്ട്. ഒരു പ്രദേശവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും സമഗ്രമായ ചർച്ചകൾക്ക് വിധേയമാക്കപ്പെടുകയും

**തിരഞ്ഞെടുപ്പിന് ആറുമാസം മുൻപെങ്കിലും രാഷ്ട്രീയ പാർട്ടികൾ / മുന്നണികൾ പ്രകടന പത്രികകൾ പുറത്തിറക്കുകയും മാധ്യമങ്ങളിലൂടെയും അല്ലാതെയും അവ വ്യാപകമായ ചർച്ചകൾക്ക് വിധേയമാക്കപ്പെടുകയും വേണം. പൊതുജനാഭിപ്രായത്തിനനുസൃതമായി തിരഞ്ഞെടുപ്പിന് മുൻപ് തന്നെ പ്രകടന പത്രികയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ പാർട്ടികൾ / മുന്നണികൾ തയ്യാറാക്കുന്ന സാഹചര്യവും തിരഞ്ഞെടുക്കപ്പെടുന്ന ഭരണകൂടത്തിന്റെ പ്രവർത്തനം ഈ പ്രകടന പത്രികയുടെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടുകയും കൂടി ചെയ്താൽ പങ്കാളിത്തജനാധിപത്യം കുറച്ചുകൂടി അർത്ഥവത്താകും.**

പ്രശ്നപരിഹാരങ്ങൾക്കുള്ള വ്യത്യസ്ഥ മാർഗ്ഗങ്ങൾ അവയുടെ ഗുണദോഷങ്ങളോടുകൂടി വിലയിരുത്തപ്പെടുകയും പ്രദേശത്തിന്റെ നിലനിൽപ്പും സമഗ്രമായ പുരോഗതിയും ഉറപ്പുവരുത്തുന്ന പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുകയും ചെയ്യുന്ന വേദികളായി ഗ്രാമസഭകൾ / ഊരുകൂട്ടങ്ങൾ വളരണം. ത്രിതല പഞ്ചായത്തുകളുടെ ഭരണസമിതിയോഗങ്ങളിൽ നിരീക്ഷകരായി പൊതുജനങ്ങൾ പങ്കെടുക്കുക, ഭരണപരമായ നടപടികളും തീരുമാനങ്ങളും സാമ്പത്തിക ഇടപാടുകളും അതാതു സമയത്ത് പൊതുജനങ്ങൾക്ക് അറിയാനുള്ള സംവിധാനങ്ങൾ (വിവരസാങ്കേതിക വിദ്യ ഉപയോഗിച്ചും അല്ലാതെയും) നടപ്പാക്കുക തുടങ്ങിയവ ഭരണത്തിന്റെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്താൻ സഹായിക്കും. ആറുമാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് നടത്താനാവശ്യമായ വ്യവസ്ഥകൾ എഴുതി ചേർക്കപ്പെടണം. വ്യക്തിപരമായി ഓരോ ജനപ്രതിനിധിയുടെയും പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ (6 മാസത്തിലൊരിക്കൽ തന്നെയാകാം) വിലയിരുത്തപ്പെടാനുള്ള സംവിധാനങ്ങളും നന്നായിരിക്കും.

നിയമസഭ, ലോകസഭ തിരഞ്ഞെടുപ്പുകളിലും അവയുടെ പ്രവർത്തനങ്ങളിലും പൊതു സമൂഹത്തിന് ഇടപെടാനുള്ള സാഹചര്യം ഇന്നു വിരളമാണ്. വ്യക്തിപരമായി അംഗങ്ങളുടെ / മന്ത്രിമാരുടെ താല്പര്യം മൂലം ചുരുക്കം ചിലയിടങ്ങളിലെല്ലാം തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയിൽ കുറച്ചൊക്കെ ജനപങ്കാളിത്തം വന്നിട്ടുണ്ടെങ്കിലും അത് നിയമപരമായി പൊതുസമൂഹത്തിന്റെ അവകാശമല്ല.


കേരളത്തിൽ കഴിഞ്ഞ മൂന്നു പതിറ്റാണ്ടെങ്കിലുമായി നെഗറ്റീവ് വോട്ടുകളിലൂടെ അധികാരത്തിലേറുന്ന ഭരണകൂടങ്ങളാണുള്ളത്. ജനവിധി അധികാരത്തിലേറുന്ന സർക്കാരിന്റെ നയങ്ങൾക്കുള്ള അംഗീകാരമാണെന്നുള്ള സങ്കല്പമാണ് ഇവിടെ തെറ്റുന്നത്. തിരഞ്ഞെടുപ്പുകാലത്ത് അതുമായി ബന്ധപ്പെട്ടു ഇന്നു ഏറ്റവും കുറവു ചർച്ച ചെയ്യപ്പെടുന്നത് രാഷ്ട്രീയ പാർട്ടികളുടെ /മുന്നണികളുടെ പ്രകടനപത്രികകളാണ്. അധികാരത്തിനായി ശ്രമിക്കുന്ന രാഷ്ട്രീയ കൂട്ടായ്മകളുടെ വികസന സങ്കല്പങ്ങളും നയങ്ങളും ഉൾപ്പെടുന്ന പ്രകടനപത്രികകൾ വിശദമായ ചർച്ചകൾക്ക് വിധേയമാക്കപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് വോട്ടു ചെയ്യാനുള്ള സാഹചര്യം ഉണ്ടാകുകയും വേണം. ഇതിനായി തിരഞ്ഞെടുപ്പിന് ആറു മാസം മുൻപെങ്കിലും രാഷ്ട്രീയ പാർട്ടികൾ / മുന്നണികൾ പ്രകടന പത്രികകൾ പുറത്തിറക്കുകയും മാധ്യമങ്ങളിലൂടെയും അല്ലാതെയും അവ വ്യാപകമായ ചർച്ചകൾക്ക് വിധേയമാക്കപ്പെടുകയും വേണം. പൊതുജനാഭിപ്രായത്തിനനുസൃതമായി തിരഞ്ഞെടുപ്പിന് മുൻപ് തന്നെ പ്രകടന പത്രികയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ പാർട്ടികൾ / മുന്നണികൾ തയ്യാറാക്കുന്ന സാഹചര്യവും തിരഞ്ഞെടുക്കപ്പെടുന്ന ഭരണകൂടത്തിന്റെ പ്രവർത്തനം ഈ പ്രകടന പത്രികയുടെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടുകയും കൂടി ചെയ്താൽ

പങ്കാളിത്തജനാധിപത്യം കുറച്ചുകൂടി അർത്ഥവത്താകും.

പുതിയ നിയമങ്ങളും ചട്ടങ്ങളും ആവശ്യമായ നിരവധി നടപടികൾ തിരഞ്ഞെടുപ്പുവേളയിലും തുടർന്നും ആവശ്യമാണ്. തിരഞ്ഞെടുപ്പിലെ പണാധിപത്യം അടിയന്തിരമായി അവസാനിപ്പിച്ചില്ലെങ്കിൽ ഭരണകൂടങ്ങൾ സാധാരണക്കാരിൽനിന്നും ഇനിയുമിനിയും അകന്നുപോകും. ഇപ്പോൾ തന്നെ കേന്ദ്രമന്ത്രി സഭാംഗങ്ങൾ ഉൾപ്പെടെ പാർലിമെന്റിലുമുള്ള വലിയൊരു വിഭാഗം അംഗങ്ങൾ കോടികളുടെ ആസ്തിയുള്ളവരാണെന്നും വെളിവായിരിക്കുന്നു. ഒരു പഞ്ചായത്ത് വാർഡിലെ സ്ഥാനാർത്ഥിപോലും തിരഞ്ഞെടുപ്പുവേളയിൽ ലക്ഷങ്ങൾ ചെലവഴിക്കുന്നത് അത്ര പുത്തരിയല്ലാതായിരിക്കുന്നു. (കേരളത്തേക്കാൾ വളരെ മോശമാണ് മറ്റു പല സംസ്ഥാനങ്ങളിലേയും അവസ്ഥ). മികച്ച സാമ്പത്തിക സ്ഥിതിയില്ലാത്തവർക്ക് തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. തിരഞ്ഞെടുപ്പ് ചെലവ് കണ്ടെത്താനുള്ള പൊതു സംവിധാനം (സർക്കാർ ഫണ്ടും നികുതിയിളവുകളോടുകൂടിയ സംഭാവനകളും മറ്റും) വരികയും സ്ഥാനാർത്ഥികളോ കക്ഷികളോ തിരഞ്ഞെടുപ്പ് പ്രവർത്തനത്തിന് സംഭാവന സ്വീകരിക്കരുതെന്ന നിബന്ധന വരികയും ചെയ്താൽ തിരഞ്ഞെടുപ്പു വേളയിൽ പണം വാങ്ങിയതിന്റെ പേരിലുള്ള ബാധ്യതകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവാകാം.

പ്രചാരണത്തിനുപയോഗിക്കുന്ന സാമഗ്രികൾക്ക് കർശനനിയന്ത്രണം ഏർപ്പെടുത്തുകയും (ഉദാ: പ്രചാരണത്തിനായി തയ്യാറാക്കുന്ന നോട്ടീസ്, പോസ്റ്റർ, ബാനർ തുടങ്ങിയവയുടെ വലിപ്പം, എണ്ണം, പ്രചാരണത്തിന് വാഹനം ഉപയോഗിക്കാവുന്നതിന്റെ സമയം, എണ്ണം, പൊതുയോഗങ്ങളുടെ എണ്ണം, വലിപ്പം തുടങ്ങിയ കാര്യങ്ങൾക്കെല്ലാം പരിധി നിശ്ചയിക്കാം) അതിനാവശ്യമായ വിഭവങ്ങൾ (കഴിയാവുന്നിടങ്ങളിൽ പണമായല്ലാതെ തന്നെ) പൊതു സംവിധാനത്തിൽ നിന്നുതന്നെ നൽകുകയും ചെയ്യണം ഈ സൗകര്യങ്ങൾ ഒരു കാരണവശാലും അംഗീകൃതരാഷ്ട്രീയ പാർട്ടികൾക്ക് മാത്രമായി ഒതുക്കരുത്. എന്നാൽ ദുരുപയോഗം തടയാനായി മത്സരിക്കാനായി കെട്ടി വയ്ക്കുന്ന സംഖ്യയുടെ കൂടെ പ്രചാരണ ചെലവിനായി സെക്യൂരിറ്റി ഡെപ്പോസിറ്റ് കൂടി വാങ്ങാവുന്നതാണ്.

**പരിസ്ഥിതിക്കും സമൂഹത്തിനും ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്യുന്ന ഇന്നത്തെ വികസനരീതി പൊളിച്ചെഴുതുകയും പ്രകൃതിക്കിണങ്ങുന്നതും നിലനിൽക്കുന്നതും പൊതുസമൂഹത്തിന്റെ ക്ഷേമവും സ്വാസ്ഥ്യവും ഉറപ്പുവരുത്തുന്നതുമായ പുരോഗതിയുടെ പാത സ്വീകരിക്കുകയും വേണമെന്ന് ഏറ്റവും ശക്തമായി ആവശ്യപ്പെടേണ്ട അവസരങ്ങളാണ് തിരഞ്ഞെടുപ്പുവേളകൾ**



അധികാരത്തിൽ കയറ്റാൻ വേണ്ടി വോട്ടു ചെയ്യുന്നവർക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ കാലാവധി കഴിയുന്നതിനു മുൻപ് അവരെ തിരിച്ചു വിളിക്കാനുള്ള അധികാരം കൂടി വേണമെന്ന വാദം തികച്ചും ന്യായമാണ്. തിരഞ്ഞെടുക്കപ്പെടുകഴിഞ്ഞാൽ പിന്നീട്, വോട്ടർമാരോടുള്ള ഉത്തരവാദിത്വങ്ങൾ മറക്കുന്ന അനുഭവങ്ങൾ കുറെയെങ്കിലുമുണ്ട്. ഇതിനുള്ള പരിഹാരമാണ് തിരിച്ചുവിളിക്കാനുള്ള വോട്ട്. എന്നാൽ ദുരുപയോഗത്തിന് ഏറെ സാധ്യതകളുള്ളതിനാൽ കർശനമായ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം ഈ അധികാരം. (ഉദാ : തെളിയിക്കപ്പെട്ട അഴിമതിയുടെയോ ഗൗരവമുള്ള മറ്റു ക്രിമിനൽ കുറ്റങ്ങളുടെയോ പേരിലല്ലാതെ തെരെഞ്ഞെടുക്കപ്പെട്ട 2 വർഷത്തിനുള്ളിൽ ഒരു കാരണവശാലും അംഗത്തെ തിരിച്ചു വിളിക്കാൻ പാടില്ല. തിരിച്ചു വിളിക്കാനായി വ്യക്തമായ കാരണങ്ങൾ ഉന്നയിക്കപ്പെടുകയും അക്കാര്യം തെളിയിക്കാൻ പ്രതിരോധിക്കാൻ അവസരം ലഭ്യമാക്കിയതിനുശേഷമേ തിരിച്ചുവിളിക്കാനുള്ള വോട്ടിങ്ങ് അനുവദിക്കാമോ എന്നു തീരുമാനിക്കാവൂ.)

ജനപ്രതിനിധികളുടെ നിയമനിർമ്മാണ സഭകളിലെ പ്രവർത്തനങ്ങളിലും പ്രാദേശിക വികസന ഫണ്ടിന്റെ വിനിയോഗത്തിലും സഹായിക്കാനായി മണ്ഡലത്തിലെ എല്ലാ മേഖലകളുടെയും എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യമുള്ള സഹായകസമിതികൾ ഉണ്ടാകണം. ഇതിൽ 25 ശതമാനം പേരെങ്കിലും കക്ഷിരാഷ്ട്രീയത്തിനതീതരാകുന്നത് നന്നായിരിക്കും. ഈ സമിതി മാസത്തിലൊരിക്കൽ കൂടുകയും മൂന്നു മാസത്തിലൊരിക്കൽ പൊതുജനങ്ങൾക്കായി പ്രവർത്തനറിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും വേണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടെ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താനായി 6 മാസം / ഒരു വർഷത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് നിർബന്ധമാക്കണം. കുറച്ചുകൂടി വൈകിയ ഒരു ഘട്ടത്തിൽ ജനപ്രതിനിധികളുടെ പ്രവർത്തനങ്ങൾക്ക് മാർക്കിടുന്ന രീതിയും (പങ്കാളിത്താധിഷ്ഠിതമായി) നിശ്ചിത മാർക്കിൽ കുറവു ലഭിക്കുന്നവരെ തൊട്ടടുത്ത തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ അനുവദിക്കാതിരിക്കുന്നതിനെക്കുറിച്ചും ചിന്തിക്കാവുന്നതാണ്. ബാലറ്റുപേപ്പറിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പേരിനൊപ്പം സ്ഥാനാർത്ഥികളിൽ ആരും സ്വീകാര്യരല്ല എന്ന കോളവും വയ്ക്കണം.

ആ കോളത്തിനു ഭൂരിപക്ഷം ലഭിക്കുന്നപക്ഷം അവിടെ വീണ്ടും തിരഞ്ഞെടുപ്പു നടത്തുന്ന സാഹചര്യത്തെക്കുറിച്ചു പിന്നീട് ചിന്തിക്കാവുന്നതാണ്.

പരിസ്ഥിതിക്കും സമൂഹത്തിനും ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്യുന്ന ഇന്നത്തെ വികസനരീതി പൊളിച്ചെഴുതുകയും പ്രകൃതിക്കിണങ്ങുന്നതും നിലനിൽക്കുന്നതും പൊതുസമൂഹത്തിന്റെ ക്ഷേമവും സ്വാസ്ഥ്യവും ഉറപ്പുവരുത്തുന്നതുമായ പുരോഗതിയുടെ പാത സ്വീകരിക്കുകയും വേണമെന്ന് ഏറ്റവും ശക്തമായി ആവശ്യപ്പെടേണ്ട അവസരങ്ങളാണ് തിരഞ്ഞെടുപ്പുവേളകൾ. ഓരോ മേഖലയിലും എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്നതിനെ സംബന്ധിച്ച് നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനും രാഷ്ട്രീയപാർട്ടികളെക്കൊണ്ട് അത് അംഗീകരിപ്പിക്കാനും സാമൂഹിക പ്രവർത്തകർക്ക് കഴിയണം. വിവിധ അതിജീവനസമരങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങളും സ്വാഭാവികമായും തിരഞ്ഞെടുപ്പുവേളകളിൽ ചർച്ചയ്ക്ക് വിധേയമാക്കപ്പെടും.

### വനം, ജലം, കൃഷി

ഇതിൽ ഓരോ മേഖലയെ സംബന്ധിച്ചും വിശദമായ നിർദ്ദേശങ്ങൾ വരണം. എങ്കിലും പരസ്പരമുള്ള അഭേദ്യമായ ബന്ധത്തിന്റെ പേരിൽ ഇവയെ ഒന്നിച്ചു കാണുകയും ചുരുക്കം ചില നിർദ്ദേശങ്ങൾ വയ്ക്കുകയുമാണിവിടെ.

- സംസ്ഥാനത്ത് അവശേഷിക്കുന്ന സ്വാഭാവിക വനം പൂർണ്ണമായും സംരക്ഷിക്കപ്പെടണം. ഈ വനമേഖലകളെ നശിപ്പിക്കുന്ന വികസനപ്രവർത്തനങ്ങൾ പാടില്ല. പ്രാദേശിക ഭരണകൂടങ്ങളും കേന്ദ്ര-സംസ്ഥാന സർക്കാരുകളും ഇവയുടെ സംരക്ഷണത്തിനാവശ്യമായ വിഭവങ്ങൾ ലഭ്യമാക്കുകയും നടപടികൾ കൈക്കൊള്ളുകയും വേണം.
- പുനരുജ്ജീവന സാധ്യതയുള്ള വനമേഖലകൾ കണ്ടെത്തി അവിടെ പുനർവനവത്കരണത്തിനുള്ള നടപടികൾ സമയബന്ധിതമായി കൈക്കൊള്ളണം.
- നദികളിലേക്ക്/കൈവഴികളിലേക്ക് വേനൽക്കാലത്തും നീരൊഴുക്ക് ഉറപ്പുവരുത്തുന്നവിധം അവയുടെ വൃഷ്ടിപ്രദേശ സംരക്ഷണം സവിശേഷ പ്രാധാന്യത്തോടെ ഏറ്റെടുക്കണം.
- നദികളുടേയും തടാകങ്ങളുടേയും മറ്റു ജലാശയങ്ങളുടേയും സംരക്ഷണത്തിന് ഉയർന്ന മുൻഗണന നൽകണം.നദികളിലെ ജലലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുകയും ജലവിനിയോഗത്തിൽ സ്ഥിരവും ശാസ്ത്രീയവുമായ സമീപനം കൈക്കൊള്ളണം.
- നദികളേയും മറ്റു ജലാശയങ്ങളേയും മാലിന്യമുക്തമാക്കണം. നിലവിലുള്ള മലിനീകരണ സ്രോതസ്സുകൾ കണ്ടെത്തി അവ നിർത്തലാക്കാൻ അടിയന്തിര നടപടികൾ കൈക്കൊള്ളണം.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, പ്ലാൻ ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് ചെറു നീർത്തടവികസന പ്രവർത്തനങ്ങൾ നടത്തി പ്രാദേശിക ജലലഭ്യതയും മണ്ണ് സംരക്ഷണവും ഉറപ്പുവരുത്തുകയും ജൈവസമ്പത്ത് വർദ്ധിപ്പിക്കുകയും വേണം. (അടുത്ത അഞ്ച് വർഷം കൊണ്ട് കേരളത്തിലെ എല്ലാ പഞ്ചായത്തുകൾക്കും ഇത് ചെയ്യാനാകും. എന്നാൽ നീർത്തടവികസനത്തിന്റെ പേരിലുള്ള ആശാസ്യമല്ലാത്ത സിവിൽ കൺസ്ട്രക്ഷനുകൾ അനുവദിക്കരുത്).
- ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റിയും ഒരു വർഷത്തിനുള്ളിൽ തങ്ങളുടെ പ്രദേശത്തെ ജലലഭ്യതയേയും വിനിയോഗത്തേയും സംബന്ധിച്ച് പങ്കാളിത്താധിഷ്ഠിത പഠനം നടത്തണം.
- കാർഷികരംഗത്ത് ഭക്ഷ്യവിളകൾക്ക് മുൻഗണന നൽകണം. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തങ്ങളുടെ പ്രദേശത്തെ ആവശ്യത്തിന്റെ പരമാവധി ഭക്ഷ്യവിഭവങ്ങൾ പ്രാദേശികമായി ഉണ്ടാക്കാനാവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കണം.പ്രാദേശിക തലത്തിൽ കർഷകരുടേയും ഉപഭോക്താക്കളുടേയും താൽപര്യങ്ങൾ ഒരേപോലെ സംരക്ഷിക്കുന്ന വിപണന സംവിധാനങ്ങൾ നടപ്പാക്കണം.
- ജൈവകാർഷിക രീതികൾക്ക് മാത്രമായി സർക്കാർ സഹായങ്ങൾ പരിമിതപ്പെടുത്തണം. രാസവളങ്ങളുടേയും കീടനാശിനികളുടേയും ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ബോധവത്കരണത്തിന് പ്രാദേശിക ഭരണകൂടങ്ങൾ തയ്യാറാകണം. അടുത്ത 5 വർഷത്തിനുള്ളിൽ രാസവളകീടനാശിനീമുക്ത പഞ്ചായത്തുകളുടെ പ്രഖ്യാപനങ്ങൾ സംസ്ഥാനം കേൾക്കണം.

### ഗതാഗതം, വൈദ്യുതി, വ്യവസായം

- ഗ്രാമങ്ങളുടെ സ്ഥായിയായ പുരോഗതിയിലൂടെ ഗതാഗതത്തിന്റെ ആവശ്യങ്ങളിൽ തന്നെ കുറവുവരുത്തുവാനുള്ള സാദ്ധ്യതകൾ കൂടി ചിന്തിക്കുന്ന സമഗ്ര ഗതാഗതനയം നമുക്ക് വേണം. റോഡ്, റെയിൽ, ജലഗതാഗതമാർഗ്ഗങ്ങളെല്ലാം പരിഗണിക്കുന്നതായിരിക്കണം ഈ നയം.
- ആവശ്യാധിഷ്ഠിതമായി മാത്രമേ നിലവിലുള്ള റോഡുകൾ നവീകരിക്കുകയോ, പുതിയവ നിർമ്മിക്കുകയോ ചെയ്യാവൂ. 45 മീറ്റർ വീതിയിലെ ഹൈവേ വികസനം സമൂഹത്തിനും പരിസ്ഥിതിക്കും വലിയ ആപത്താണെന്നു തിരിച്ചറിഞ്ഞ് പൂർണ്ണമായും നിരാകരിക്കപ്പെടണം.
- ഓരോ കൊച്ചുവഴിയും ടാർ ചെയ്യണമെന്ന ആവശ്യത്തിൽ നിന്നും പൊതുജനങ്ങളും അത്തരം പ്രവൃത്തികളിൽ നിന്നും ത്രിതലപഞ്ചായത്തുകളും മാറണം. പൊട്ടിപ്പൊളിഞ്ഞ റോഡുകൾ ഗുണനിലവാരത്തോടെ നന്നാക്കുന്നതിനായിരിക്കണം മുൻഗണന.
- റോഡുകൾ നിർമ്മിക്കുമ്പോൾ കാൽനടയാത്രക്കാരുടേയും സൈക്കിൾ യാത്രക്കാരുടേയും സൗകര്യങ്ങളും ജലനിർഗ്ഗമന സൗകര്യങ്ങളും ഉറപ്പുവരുത്തണം.
- റെയിൽവേയെ ഫലപ്രദമായി ഉപയോഗിക്കാൻ സംസ്ഥാനത്തിനാകണം. കൂടുതൽ ഹ്രസ്വ-ദൂര പാസഞ്ചർ തീവണ്ടികൾ ഉണ്ടാകണം. അതിവേഗ റെയിൽവെ കോറിഡോറല്ല സംസ്ഥാനത്തിന്റെ ആവശ്യം.
- പരമ്പരാഗത വ്യവസായങ്ങൾക്കും കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്കും സംസ്ഥാനത്ത് മുൻഗണന നൽകണം.
- ജനങ്ങളെ കുടിയൊഴിപ്പിക്കുകയും പ്രകൃതിയെ നശിപ്പിക്കുകയും വായുവിനേയും ജലത്തേയും മണ്ണിനേയും മലിനീകരിക്കുകയും ചെയ്യുന്ന വ്യവസായങ്ങൾക്ക് അനുമതി നൽകരുത്.
- പുതിയ വ്യവസായ സ്ഥാപന

ങ്ങൾക്ക് അനുമതി നൽകുമ്പോൾ പ്രദേശത്തെ പൊതുജനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അഭിപ്രായം പറയാൻ നിയമപരമായി അവസരമുണ്ടാകണം. തങ്ങളുടെ പരിധിയിൽ വരുന്ന വ്യവസായങ്ങളെ വേണ്ടെന്നു വയ്ക്കാനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിയണം.

● മലിനീകരണം നടത്തുന്ന നിലവിലുള്ള വ്യവസായങ്ങൾ സമയബന്ധിതമായി മലിനീകരണം പൂർണ്ണമായി അവസാനിപ്പിക്കുകയോ, അതിനു കഴിഞ്ഞില്ലെങ്കിൽ പ്രവർത്തനം നിർത്തുകയോ വേണം. ഒപ്പം തന്നെ മലിനീകരണം മൂലം ഇതിനകം വന്നിട്ടുള്ള നാശനഷ്ടങ്ങൾക്ക് പരിഹാരം നൽകുകയും വേണം.

● വൈദ്യുതിക്ക് ക്ഷാമമില്ലാത്ത സംസ്ഥാനങ്ങൾ നിലവിലുള്ള ഉൽപാദന, പ്രസരണ, വിതരണശൃംഖലകളുടെ ഏറ്റവും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്താനാണ് മുൻഗണന കൊടുക്കേണ്ടത്.

● വൈദ്യുതിയുടെ ധൂർത്ത് ഒരു കാരണവശാലും അനുവദിക്കാൻ പാടില്ല.

● കാര്യക്ഷമത കൂടിയ വൈദ്യുതി ഉപകരണങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം. വൈദ്യുതി സംരക്ഷണത്തിനായി വ്യാപകമായ പ്രചാരണത്തിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുൻകൈയെടുക്കുകയും ഓരോ പഞ്ചായത്തും/മുനിസിപ്പാലിറ്റിയും വൈദ്യുതി ഓഡിറ്റ് നടത്തണം.

● പുതുതായി വൈദ്യുതി ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ പരിസ്ഥിതിക്കും സമൂഹത്തിനു കുറച്ചു മാത്രം ദോഷം ചെയ്യുന്ന പാരമ്പര്യേതര സ്രോതസ്സുകൾക്കായിരിക്കണം മുൻഗണന.

● അതിരപ്പിള്ളിയും, പൂയംകുട്ടിയും പോലുള്ള ജലവൈദ്യുത പദ്ധതികളോ, ചീമേനി പോലുള്ള താപനിലയങ്ങളോ നമുക്കാവശ്യമില്ല.

*ചൈതന്യ, പരിയാരം, ചാലക്കുടി*

---

വീണ്ടും വായനയ്ക്ക്

# പൊരുതുന്ന കേരളത്തിന്റെ പ്രകടന പത്രിക

ബി.ആർ.പി ഭാസ്കർ

**ജനകീയ** സമരങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനകളുടെ പ്രവർത്തകർ ഒരു പൊതുപരിപാടിയുടെ അടിസ്ഥാനത്തിൽ ഈ തിരഞ്ഞെടുപ്പിൽ ഇടപെടുക എന്ന ഉദ്ദേശ്യത്തോടെ ജനകീയ ഐക്യവേദി രൂപീകരിച്ചിരിക്കുന്നു. ഐക്യവേദി അംഗീകരിച്ച 12 ഇന പരിപാടി പൊരുതുന്ന കേരളത്തിന്റെ പ്രകടന പത്രികയാണ്.

പരിപാടിയിലെ പ്രധാന ഇനം കക്ഷിരാഷ്ട്രീയത്തിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വിമുക്തമാക്കുക എന്നതാണ്. അഴിമതിരഹിതവും നീതിപൂർവ്വകവുമായ ഭരണം കാഴ്ചവെക്കുക, ഗ്രാമവാർഡ് സഭകൾ പുനരുജ്ജീവിപ്പിക്കുക, കണക്കുകൾ യഥാസമയം പൂർത്തിയാക്കി ഓഡിറ്റിന് വിധേയമാക്കുക, സ്ത്രീകൾ, ദളിതർ, ആദിവാസികൾ തുടങ്ങിയ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ പൂർണ്ണമായി നടപ്പാക്കുക തുടങ്ങിയവയും അതിൽപ്പെടുന്നു. നിലവിലുള്ള മുന്നണികൾക്ക് അകത്തും പുറത്തുമുള്ള ചില കക്ഷികളും തത്വത്തിൽ പരിപാടിയോട് യോജിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾ മാറ്റമുണ്ടായേ മതിയാകൂ എന്ന സന്ദേശം നൽകിയാൽ മുന്നണികളെ നയിക്കുന്ന കക്ഷികളും മാറി ചിന്തിക്കാൻ നിർബന്ധിതരാകും.

അമ്പതു ശതമാനം സ്ത്രീസംവരണം താഴത്തെ തട്ടുകൾ ശുദ്ധീകരിക്കാനുള്ള അവസരം നൽകുന്നു. സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങൾ നിറക്കാനാവശ്യമായത്ര സ്ത്രീകൾ ഒരു കക്ഷിയിലുമില്ല. എല്ലാ കക്ഷികളും ചേർന്നാലും അതിനുള്ള സ്ത്രീകളുണ്ടാവില്ല. നേതാക്കളുടെ ബന്ധുക്കളോ പോഷകസംഘടനകളിൽപ്പെട്ടവരോ ആയ സ്ത്രീകളെ അങ്കത്തട്ടിൽ ഇറക്കാനുള്ള ശ്രമമാണ് നടക്കുന്നത്. സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനും കഴിവുള്ള സ്ത്രീകളെ തെരഞ്ഞെടുക്കാനായാൽ അഴിമതിരഹിതവും നീതിപൂർവകവുമായ ഭരണത്തിനുള്ള സാധ്യത ഏറുമെന്ന കാര്യത്തിൽ സംശയം വേണ്ട. പക്ഷേ, രാഷ്ട്രീയം സ്ത്രീകൾക്ക് പറ്റിയ മേഖലയല്ലെന്ന ചിന്ത മധ്യവർഗങ്ങളിൽ ശക്തമാകയാൽ, യോഗ്യരായവർ മൽസരരംഗത്തിറങ്ങാൻ മടിക്കും. ഒരു ചരിത്രനിയോഗം കാത്തിരിക്കുകയാണെന്ന് ബോധ്യപ്പെടുത്തി അവരെ മുന്നോട്ടുകൊണ്ടുവരാൻ കഴിഞ്ഞാൽ പഞ്ചായത്തുതലത്തിൽ കക്ഷിരാഷ്ട്രീയം ഒഴിവാക്കാനും അങ്ങനെ ജനകീയ ഐക്യവേദിയുടെ പരിപാടിയിലെ മറ്റിനങ്ങൾ പ്രാവർത്തികമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനും കഴിയും.

**12 ഇന പരിപാടി**

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കക്ഷി രാഷ്ട്രീയത്തിന്റെ പിടിയിൽനിന്ന് മോചിപ്പിക്കുക.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അഴിമതി മുക്തമാക്കുക.
3. ആനുകൂല്യവിതരണത്തിലെ പക്ഷപാതിത്വം അവസാനിപ്പിക്കുക.
4. വാർഡ് / ഗ്രാമസഭകളെ പുനരുജ്ജീവിപ്പിക്കുക.
5. കണക്കുകൾ യഥാസമയം പൂർത്തിയാക്കി ഓഡിറ്റിങ്ങിന് വിധേയമാക്കുക.
6. വികസനപ്രക്രിയയിൽ ജനതാൽപര്യത്തിന് മുൻഗണന നൽകുക.
7. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് സുസ്ഥിരവികസനം സാധ്യമാക്കുക.
8. സ്ത്രീശാക്തീകരണം പരാജയപ്പെടുത്തുന്ന രാഷ്ട്രീയ ഇടപെടൽ അവസാനിപ്പിക്കുക.
9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജെൻഡർ ബഡ്ജറ്റിങ്ങ് ഏർപ്പെടുത്തുക.
10. ദളിത്-ആദിവാസി പ്ദ്ധതികൾ പൂർണമായി നടപ്പാക്കുക.
11. പഞ്ചായത്തുകളുടെ നഷ്ടപ്പെട്ട അധികാരങ്ങൾ പുന:സ്ഥാപിക്കുക.
12. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളെ തിരിച്ചു വിളിക്കാൻ വ്യവസ്ഥ ചെയ്യുക.

(ലേഖനത്തിന്റെ പൂർണ്ണരൂപം വായിക്കുക- മാധ്യമം ആഴ്ചപ്പതിപ്പ്, 2010 സെപ്റ്റംബർ 20)